പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3549 08.11.2019-ലെ മറുപടിക്ക്

**റോഡ് സുരക്ഷാ ഫണ്ട് ഉപയോഗിച്ച് കൊല്ലം ജില്ലയിലെ പ്രവൃത്തികൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി.പി.അയിഷാ പോറ്റി | ശ്രീ. എ.കെ.ശശീന്ദ്രൻ (ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ഈ സർക്കാരിന്റെ കാലയളവിൽ റോഡ് സുരക്ഷാ ഫണ്ട് ഉപയോഗിച്ച് കൊല്ലം ജില്ലയിൽ എത്ര പ്രവൃത്തികൾ നടത്തിയിട്ടുണ്ട്; അവ ഏതെല്ലാം; എത്ര തുക ഇതിനായി വിനിയോഗിച്ചു; വ്യക്തമാക്കുമോ; | (എ) | കൊട്ടിയം - കുണ്ടറ റോഡിൽ 17 കി.മീ നീളത്തിൽ 5 കോടി രൂപ ചെലവിൽ നടപ്പാക്കുന്ന പദ്ധതിക്ക് കേരള റോഡ് സുരക്ഷാ അതോറിറ്റി അംഗീകാരം നൽകി കെ.എസ്.റ്റി.പിക്ക് കൈമാറി. ബ്ളാക്ക് സ്പോട്ടുകളുടെ നിർമാർജ്ജനം, കവലകളുടെ നവീകരണം, വേഗത കുറയ്ക്കാൻ സഹായകമായ സംവിധാനങ്ങൾ, School Zone കളിലെ സുരക്ഷ, നടപ്പാത നിർമ്മാണം തുടങ്ങിയവ ഈ പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുണ്ട്.<br>കൊല്ലം, കൃഷ്ണപുരം പുതിയകാവ് റോഡിൽ ട്രാഫിക്ക് സുരക്ഷാ പ്രവർത്തനങ്ങൾക്കായി 65 ലക്ഷം രൂപ അംഗീകരിക്കുകയും 30 ലക്ഷം രൂപ കൈമാറുകയും ചെയ്തു.<br>കൊല്ലം റോഡ് സുരക്ഷാ പ്രവർത്തനങ്ങൾക്കായി 5,92,362/- രൂപ അനുവദിച്ചിട്ടുണ്ട്.<br>കൊല്ലം കരീലകുളങ്ങര മുതൽ കൊറ്റംകുളങ്ങര വരെ റോഡ് സുരക്ഷാ സന്ദേശങ്ങൾ പ്രചരിപ്പിക്കുന്നതിനായി 63.5 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.<br>കൊല്ലം ബൈപാസ് റോഡിൽ വർദ്ധിച്ചുവരുന്ന റോഡപകടങ്ങൾ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് സമഗ്ര റോഡ് സുരക്ഷാ ക്രമീകരണങ്ങൾക്കായി റോഡ് സുരക്ഷാ ഫണ്ടിൽ നിന്നും 39-ാം കേരള റോഡ് സുരക്ഷാ അതോറിറ്റി മീറ്റിംഗിൽ 3,72,04,924/-രൂപ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് ജില്ലാ കളക്ടർ ചെയർമാനായ ജില്ലാ റോഡ് സുരക്ഷാ കൗൺസിലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | കൊട്ടാരക്കര നിയോജക മണ്ഡലത്തിൽ നടത്തിയ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | (ബി) | സുരക്ഷിത യാത്ര ലക്ഷ്യംവെച്ചുകൊണ്ട് കെ.എസ്.റ്റി.പി. വേൾഡ് ബാങ്ക് ഫണ്ട് ഉപയോഗിച്ച് കേരള റോഡ് സേഫ്റ്റി അതോറിറ്റിയുടെ സഹകരണത്തോടെ |

| | | | |
|---|---|---|---|
| | | | നടപ്പാക്കുന്ന പദ്ധതിയാണ് സേഫ് കോറിഡോർ പദ്ധതി. അന്താരാഷ്ട്ര നിലവാരമുള്ള റോഡ് സുരക്ഷാ സംവിധാനങ്ങൾ, ഉപകരണങ്ങൾ, വേഗതാ നിയന്ത്രണ ഉപാധികൾ, സുരക്ഷാ സമ്പ്രദായങ്ങൾ, കാൽനടയാത്രക്കാർക്കുള്ള സുരക്ഷാ സംവിധാനങ്ങൾ, സ്കൂൾ സോൺ സുരക്ഷാ സംവിധാനങ്ങൾ, ക്രാഷ് ബാരിയർ, സിഗ്നൽ സംവിധാനങ്ങൾ, പാർക്കിംഗ് Slot കൾ, ആധുനിക ബസ് കാത്തിരിപ്പ് കേന്ദ്രങ്ങൾ എന്നിവ തെരഞ്ഞെടുക്കപ്പെട്ട റോഡ് ഇടനാഴിയിൽ ഒരുക്കുക എന്നതാണ് ഈ പദ്ധതിയിൽ വിഭാവനം ചെയ്യുന്നത്. സംസ്ഥാനത്ത് മോഡൽ കോറിഡോർ റോഡായി ആദ്യം തെരഞ്ഞെടുത്തത് 82 കി.മീ. ദൈർഘ്യമുള്ള കഴക്കൂട്ടം - അടൂർ ദേശീയ പാതയാണ്. ഇതിന്റെ പ്രവർത്തനം പുരോഗമിച്ചുവരുന്നു. ഈ പദ്ധതിയിൽ കൊട്ടാരക്കര നിയോജക മണ്ഡലവും ഉൾപ്പെടുന്നതാണ്. |

**സെക്ഷൻ ഓഫീസർ**